**"ഭരണഭാഷ മാതൃഭാഷ"**

RCS/2525/2022-CB(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ. ജംഗ്ഷൻ,
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email:keralarcs.coop@kerala.gov.in
Tel: 0471-2330825
തീയതി: 13-11-2025

സഹകരണ സംഘം രജിസ്ട്രാർ
തിരുവനന്തപുരം

1. സഹകരണ ആഡിറ്റ് ഡയറക്ടര്, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. എല്ലാ ജോയിന്റ് രജിസ്ട്രാര്(ജനറൽ)മാർക്കും.
3. എല്ലാ ജോയിന്റ് ഡയറക്ടര് (ആഡിറ്റ്)മാർക്കും.
4. എല്ലാ ഡെപ്യൂട്ടി രജിസ്ട്രാര്/പ്രിൻസിപ്പൽമാർക്കും.

സർ,

വിഷയം: സഹകരണ വകുപ്പ്- ജീവനക്കാര്യം- ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ,അഡീഷണൽ രജിസ്ട്രാർ/ അഡീഷണൽ ഡയറക്ടർ മാരുടെ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നത്– രഹസ്യ ഫയലുകൾ സമർപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന: 1. ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി രജിസ്ട്രാർ/ഡെപ്യൂട്ടി ഡയറക്ടർമാരുടെ 07.11.2025-ലെ RCS/10334/2025-EB(5) നമ്പർ പ്രൊവിഷണൽ സീനിയോരിട്ടി ലിസ്റ്റ്.

2026 വർഷം ജോയിന്റ് രജിസ്ട്രാര് /ജോയിന്റ് ഡയറക്ടർ, അഡീഷണൽ രജിസ്ട്രാർ/അഡീഷണൽ ഡയറക്ടർമാരുടെ തസ്തികയിലുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് പരിഗണിക്കുന്നതിനായി സൂചന പ്രൊവിഷണല് സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ക്രമ നമ്പർ (14) മുതൽ ക്രമ നമ്പർ (62) വരെയുള്ള ജോയിന്റ് രജിസ്ട്രാർ/ ജോയിന്റ് ഡയറക്ടർമാരുടെയും, ക്രമ നമ്പർ (68) മുതൽ ക്രമ നമ്പർ (107) വരെയുള്ള ഡെപ്യൂട്ടി രജിസ്ട്രാർ/ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും 01.01.2022 മുതൽ 31.012.2024 വരെയുള്ള കാലയളവിലെ രഹസ്യ ഫയലുകൾ 10.12.2025-ന് മുമ്പായി സമർപ്പിക്കേണ്ടതാണെന്ന് അറിയിക്കുന്നു. രഹസ്യ ഫയൽ സമർപ്പിച്ചിട്ടുള്ളവർ ആ കാലയളവ് വീണ്ടും സമർപ്പിക്കേണ്ടതില്ല. ടി തസ്തികയിൽ

സേവനമനുഷ്ഠിക്കുന്നവരുടെ 01.01.2022 മുതൽ 31.012.2024 വരെയുള്ള രഹസ്യ ഫയൽ www.score.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന സമർപ്പിച്ച് ആയതിന്റെ പ്രിന്റ് ഔട്ട് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതും, ടി റിപ്പോർട്ടിനോടൊപ്പം പ്രോബഷൻ പ്രഖ്യാപിച്ച ഉത്തരവ് കൂടി ഉള്ളടക്കം ചെയ്യേണ്ടതുമാണ്. DPC സംബന്ധിച്ച തുടർ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു രഹസ്യ ഫയൽ കൃത്യമായും നിശ്ചിത സമയത്തിനും നൽകേണ്ടതും ടി ലിസ്റ്റിൽ ഉൾപ്പെട്ട പ്രോബഷൻ പ്രഖ്യാപിക്കാത്ത ഉദ്യോഗസ്ഥർ ഉണ്ടെങ്കിൽ പ്രോബേഷൻ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പ്രോബേഷൻ പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

ഒപ്പ്

**സഹകരണ സംഘം രജിസ്ട്രാർ**

ആജ്ഞാനുസരണം

**Signed by S Anilvasan**
**Date: 15-11-2025 11:14:52**

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)